## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 569** **11-07-2024 - ൽ മറുപടിയ്ക്ക്**

## പഠനബോധന പ്രവർത്തനങ്ങൾ മലയാളത്തിലാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ടി.ഐ.കൾ ഉൾപ്പടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സാങ്കേതികവിദ്യയുടെ ബോധന മാധ്യമത്തിൽ കാലികമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **(എ)** വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ പരിശീലനം (Syllabus), പരീക്ഷ, certification എന്നിവ നടക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ന്യൂഡൽഹിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ്. എന്നിരുന്നാലും മാതൃഭാഷയിൽ ക്ലാസ്സ് നടത്തുന്നതാണ് കുട്ടികൾക്ക് വിഷയങ്ങൾ ഗ്രഹിക്കുന്നതിന് എളുപ്പം എന്ന് മനസ്സിലാക്കിയതനുസരിച്ച് സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഠനബോധന പ്രവർത്തനങ്ങൾ മാതൃഭാഷയിലാണ് നിലവിൽ നടക്കുന്നത്. ഇൻസ്ട്രക്ടർമാർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് മാതൃഭാഷയിലാണ്. All India Trade Test-ൽ വിവിധ ട്രേഡുകളുടെ ചോദ്യ പേപ്പറുകൾ മാതൃഭാഷയിൽ ലഭ്യമാണ്. പരിശീലനത്തിനായി NIMI-യിൽ നിന്നും ലഭ്യമാകുന്ന പുസ്തകങ്ങൾ മിക്ക ട്രേഡിലും മലയാളത്തിൽ ലഭ്യമാണ്. റെക്കോർഡുകൾ മലയാളത്തിൽ എഴുതി കുട്ടികൾ സമർപ്പിക്കാറുണ്ട്. മറ്റ് തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സാങ്കേതികവിദ്യയുടെ ബോധന മാധ്യമത്തിൽ കാലികമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി സിലബസ് റിവിഷൻ നടത്തിവരുന്നു. ആയതിൽ ബോധന മാധ്യമം പരിഗണനയിൽ ഉണ്ട്. KGCE പരീക്ഷ പ്രാദേശിക ഭാഷയിൽ അനുവദനീയമാണ്. |
| (ബി) | ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പഠന ബോധന പ്രക്രിയകൾക്ക് മലയാളം ഉൾപ്പെടെയുള്ള പ്രാദേശിക ഭാഷകൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിർദ്ദേശിച്ചിട്ടുള്ള എഞ്ചിനീയറിങ് ഡിപ്ലോമ തലത്തിലുള്ള പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പഠിതാക്കളുടെ നൈപുണ്യ ശേഷി മെച്ചപ്പെടുത്തുന്ന വിധത്തിൽ സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഠനബോധന പ്രവർത്തനങ്ങൾ മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | **സി)** വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ പരിശീലനം (Syllabus), പരീക്ഷ, certification എന്നിവ നടക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ഡൽഹിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ്. എന്നിരുന്നാലും മാതൃഭാഷയിൽ ക്ലാസ്സ് നടത്തുന്നതാണ് കുട്ടികൾക്ക് വിഷയങ്ങൾ ഗ്രഹിക്കുന്നതിന് എളുപ്പം എന്ന് മനസ്സിലാക്കിയതനുസരിച്ച് സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഠനബോധന പ്രവർത്തനങ്ങൾ മാതൃഭാഷയിലാണ് നിലവിൽ നടക്കുന്നത്. ഇൻസ്ട്രക്ടർമാർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് മാതൃഭാഷയിലാണ്. All India Trade Test-ൽ വിവിധ ട്രേഡുകളുടെ ചോദ്യ പേപ്പറുകൾ മാതൃഭാഷയിൽ ലഭ്യമാണ്. പരിശീലനത്തിനായി NIMI-യിൽ നിന്നും ലഭ്യമാക്കുന്ന പുസ്തകങ്ങൾ മിക്ക ട്രേഡിലും മലയാളത്തിൽ ലഭ്യമാണ്. റെക്കോർഡുകൾ മലയാളത്തിൽ എഴുതി കുട്ടികൾ സമർപ്പിക്കാറുണ്ട്. |
| (ഡി) | ആധുനിക തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് വ്യവസായ പരിശീലന വകുപ്പ് നടപ്പിലാക്കുന്ന ഹ്രസ്വകാല കോഴ്സുകൾ മലയാള മാധ്യമത്തിൽ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ? | (ഡി) | **(ഡി)** സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ ഹ്രസ്വകാല കോഴ്സുകളുടെ പഠനബോധന പ്രവർത്തനങ്ങൾ മലയാള മാധ്യമത്തിലാണ് നടക്കുന്നത്. ഇൻസ്ട്രക്ടർമാർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് മാതൃഭാഷയിലാണ്. പരമാവധി ട്രേഡുകളുടെ പുസ്തകങ്ങൾ AITT/ SCVT ചോദ്യ പേപ്പറുകൾ എന്നിവ മാതൃഭാഷയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ